**പതിനാലാം കേരളനിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2031** — **11.02.2020-ൽ മറുപടിക്ക്**

**ഇമാമിനെ കണ്ണിൽ മുകളുപൊടി വിതറി ആക്രമിച്ച സംഭവം**

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കാസർഗോഡ് ടൗൺ പോലീസ് സ്റ്റേഷൻ പരിധിയിൽ സ്ഥിതിചെയ്യുന്ന ഒരു പള്ളിയിലെ ഇമാമിനെ കണ്ണിൽ മുകളുപൊടി വിതറി ആക്രമിച്ച സംഭവത്തിൽ കേസ്സ് എടുത്തിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) കേസ് എടുത്തിട്ടുണ്ട്. |
| (ബി) ഈ സംഭവം നടന്നത് എപ്പോഴാണെന്നും, കേസ് രജിസ്റ്റർ ചെയ്തത് എപ്പോഴാണെന്നും, ഏത് വകുപ്പ് പ്രകാരമാണ് കേസ്സ് രജിസ്റ്റർ ചെയ്തതെന്നും ക്രൈം നമ്പർ സഹിതം വ്യക്തമാക്കാമോ; | (ബി) 21.03.2019 ന് നടന്ന ഈ സംഭവവുമായി ബന്ധപ്പെട്ട് 22.03.2019 ന് കാസർഗോഡ് പോലീസ് സ്റ്റേഷനിൽ ക്രൈം. നം. 193/19 U/s 323, 341 r/w 34 IPC & section 120 (o) of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ കേസിൽ 324 IPC നിലനിൽക്കുമെന്ന് അന്വേഷണത്തിൽ വ്യക്തമായതിനാൽ ടി വകുപ്പ് കൂടി ചേർത്ത് കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (സി) ഈ കേസ്സിൽ പ്രതികളെ പിടികൂടണമെന്നാവശ്യപ്പെട്ട് സർക്കാരിനും പോലീസ് വകുപ്പിലെ ഉന്നതാധികാരികൾക്കും ആരെല്ലാം നിവേദനം നൽകിയിരുന്നു എന്ന് വ്യക്തമാക്കാമോ; | (സി) ഈ കേസിലെ പ്രതികളെ പിടികൂടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്ഥലം എം. എൽ. എ ബഹു. മുഖ്യമന്ത്രിയ്ക്കും, നെല്ലിക്കുന്ന് സ്പോർടിങ് ക്ലബ്, നെല്ലിക്കുന്ന് ജനകീയ കൂട്ടായ്മ രൂപീകരിച്ച് സംസ്ഥാന പോലീസ് മേധാവിയ്ക്കും പരാതി നൽകിയിട്ടുണ്ട്. |
| (ഡി) പ്രതികളെ പിടികൂടാൻ ശക്തമായ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;<br>(ഇ) ഈ കേസ്സിൽ എത്ര പ്രതികളുണ്ടെന്നും അവരെ ഇതുവരെ പിടികൂടിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ? | (ഡി) യും (ഇ) യും പ്രതികളെ പിടികൂടാൻ ആവശ്യമായ ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ